(ബി) കർണ്ണാടക സർക്കാരുമായി ഉണ്ടാക്കിയിട്ടുള്ള അന്തർ സംസ്ഥാന കരാറിൽ പത്തനംതിട്ടയിൽ നിന്നും ബാംഗ്ലൂരിലേയ്ക്ക് സർവ്വീസ് നടത്താൻ കരാർ ഇല്ലാത്തതിനാൽ ടി സർവ്വീസ് ആരംഭിക്കാൻ ഉടനെ കഴിയില്ല.

(സി) ഇക്കാര്യം തൽക്കാലം പരിഗണനയിലില്ല.

(ഡി) ഇങ്ങനെ ഒരു സർവ്വീസ് തുടങ്ങുന്നത് കെ. എസ്. ആർ. ടി. സി.-ക്ക് ലാഭകരമല്ലാത്തതിനാൽ ഇക്കാര്യം തൽക്കാലം പരിഗണനയിലില്ല.

(ഇ) ഇക്കാര്യം തൽക്കാലം പരിഗണിക്കാനാവില്ല.

എം പാനൽ ഡ്രൈവർമാരേയും കണ്ടക്ടർമാരേയും നിയമിക്കുന്നതിനുള്ള മാനദണ്ഡം

73 [1384] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിൽ ഇപ്പോൾ എത്ര എം പാനൽ ഡ്രൈവർമാരും കണ്ടക്ടർമാരും ഉണ്ട്;

(ബി) എം പാനൽ ഡ്രൈവർമാരേയും കണ്ടക്ടർമാരേയും നിയമിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്;

(സി) എം പാനൽ ഡ്രൈവർ, കണ്ടക്ടർ നിയമനത്തിൽ വ്യാപകമായി ക്രമക്കേടുകൾ നടക്കുന്നതായ പത്രവാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി.-യിൽ 1683 എം പാനൽ ഡ്രൈവർമാരും 3419 എം പാനൽ കണ്ടക്ടർമാരുമുണ്ട്.

(ബി) കണ്ടക്ടർമാരും ഡ്രൈവർമാരും ലീവെടുക്കുന്ന അവസരങ്ങളിൽ സർവ്വീസ് ക്യാൻസലേഷൻ ഒഴിവാക്കുന്നതിനായി അടിയന്തിര ഘട്ടങ്ങളിൽ ഡ്യൂട്ടിക്ക് അയയ്ക്കുന്നതിനാണ് എം പാനൽ കണ്ടക്ടർമാരേയും, ഡ്രൈവർമാരേയും നിയോഗിക്കുന്നത്. പി. എസ്. സി. വഴി ആളുകൾ ജോലിക്ക് റിപ്പോർട്ടു ചെയ്യുന്ന മുറയ്ക്ക് ഇവരെ പിരിച്ചുവിടുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

റിട്ടയർമെന്റ് ആനുകൂല്യങ്ങൾ യഥാസമയം നൽകാൻ നടപടി

74 [1385] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കെ. എസ്. ആർ. ടി. സി.-യിൽ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ യഥാ സമയം ലഭ്യമാക്കാത്തതുനിമിത്തം റിട്ടയർ ചെയ്തവർ ആത്മഹത്യ ചെയ്ത സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റിട്ടയർമെന്റ് ആനുകൂല്യങ്ങൾ കൊടുത്തു തീർക്കാൻ എന്ത് കാലതാമസം അനുഭവപ്പെടുമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കാലതാമസം ഒഴിവാക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദ്ദേശം മൂന്നുവർഷം കാലതാമസം അനുഭവപ്പെടുന്നു. ബഹു. കേരള ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം പ്രതിദിന വരുമാനത്തിന്റെ 10 ശതമാനം ഒരു പ്രത്യേക ഫണ്ടായി രൂപീകരിച്ച് പെൻഷൻകാരുടെ സീനിയോറിറ്റി അടിസ്ഥാന ത്തിൽ പെൻഷൻ ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്.

കെ. എസ്. ആർ. ടി. സി. കണ്ടക്ടർമാരുടെ ദിവസക്കൂലി പുന:പരിശോധിക്കാൻ നടപടി

75 [1386] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:

" സി. മമ്മൂട്ടി:

" ഇ. ടി. മുഹമ്മദ് ബഷീർ:

" പി. കെ. അബ്ദുറബ്ബ്:

" ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. പി. എസ്. സി., കെ. എസ്. ആർ. ടി. സി.-യിൽ കണ്ടക്ടർമാരായി നിയമിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റിൽ നിന്നും നിയമിച്ചവരെയും കണ്ടക്ടർമാരുടെ എം പാനൽ ലിസ്റ്റിൽ നിന്നും നിയമിച്ചവരെയും കുറഞ്ഞ ദിവസക്കൂലിയിൽ നിലനിർത്തുന്ന രീതി പുന:പരിശോധിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) ഇക്കാര്യം സംബന്ധിച്ച് കേരളാ ഹൈക്കോടതിയിൽ വിവിധ കേസുകൾ നിലവിലുണ്ട്. അതുകൊണ്ട് ഇപ്പോൾ ഇക്കാര്യം പുന:പരിശോധിക്കാൻ ഉദ്ദേശമില്ല.

LIBRARY ARCHIVES Kerala Legislative Assembly